©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021-2023)

## മൂന്നാമത് റിപ്പോർട്ട്

**[തിരുവനന്തപുരം പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിനെ (ഐ.എ.എച്ച്. & വി.ബി.) അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്]**

(2022 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2021-2023)

## മൂന്നാമത് റിപ്പോർട്ട്

**[തിരുവനന്തപുരം പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിനെ (ഐ.എ.എച്ച്. & വി.ബി.) അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്]**

(2022 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

# ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2021-2023)

**ഘടന**

<u>അദ്ധ്യക്ഷ</u> :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

<u>അംഗങ്ങൾ</u>:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. എൻ. ഷംസുദ്ദീൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീമതി  കവിത ഉണ്ണിത്താൻ, സെക്രട്ടറി - ഇൻ- ചാർജ്ജ്

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023) യുടെ അദ്ധ്യക്ഷയായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം സമിതി (2021-2023) യുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-14) യുടെ പത്താമത് റിപ്പോർട്ടിലെ (ക്ഷീരവികസന മേഖലയെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്, സമിതി (2016-19) യുടെ ഒന്നാമത് റിപ്പോർട്ടായി സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 28 ഒഴികെയുള്ള എല്ലാ ശിപാർശകളുടെയും നടപടി റിപ്പോർട്ട് അംഗീകരിച്ച സമിതി, ഖണ്ഡിക 28-ലെ "പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിനെ അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുക" എന്ന ശിപാർശയ്ക്കുള്ള മറുപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെടുകയും സംസ്ഥാനത്തെ പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും പ്രധാന വരുമാനസ്രോതസ്സായ ക്ഷീരവികസനം, മൃഗസംരക്ഷണം എന്നീ മേഖലകളിൽ കാര്യക്ഷമമായ വളർച്ചയും മരുന്നു നിർമ്മാണത്തിൽ സ്വയംപര്യാപ്തതയും കൈവരിക്കുവാൻ ഉതകുന്ന പദ്ധതി എന്ന നിലയിൽ ഈ വിഷയം പ്രത്യേക പഠനവിഷയമായി എടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത വിഷയത്തിന്മേൽ മൃഗസംരക്ഷണം, ധനകാര്യം എന്നീ വകുപ്പുകളിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പിന്റെയും പഠനത്തിന്റേയും അടിസ്ഥാനത്തിലുള്ള ശിപാർശകളും നിർദ്ദേശങ്ങളുമാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2022 ജൂലൈ മാസം 12-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. കെ. ശൈലജ ടീച്ചർ,

*അദ്ധ്യക്ഷ,*

*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ജൂലൈ 20.

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയുടെ കാലയളവിൽ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-14) യുടെ പത്താമത് റിപ്പോർട്ട് (ക്ഷീര വികസന മേഖലയെ സംബന്ധിച്ച്) 8-7-2013-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 29 ശിപാർശകൾ/നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ച പകർപ്പുകൾ 6-2-2014-ന് ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് അയയ്ക്കുകയും ശിപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടുകൾ 26-11-2014, 30-12-2015, 23-8-2016 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും, ശിപാർശ 14 (ഖണ്ഡിക 28)-ന്റെ മറുപടി ഒഴികെയുള്ളവ അംഗീകരിക്കുകയും ചെയ്തു.

2. പ്രസ്തുത റിപ്പോർട്ടിന്റെ 28-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത ശിപാർശ ടി റിപ്പോർട്ടിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ആവർത്തിക്കുന്നതിന് തീരുമാനിച്ചു. തുടർന്ന് ആക്ഷൺ ടേക്കൺ റിപ്പോർട്ടായി പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-19) യുടെ ഒന്നാമത് റിപ്പോർട്ട് 2016 ഒക്ടോബർ മാസം 4-ാം തീയതി സഭയിൽ സമർപ്പിക്കുകയും ആയതിന്റെ അദ്ധ്യായം-III-ൽ (ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും) പ്രസ്തുത ശിപാർശ ഉൾപ്പെടുത്തുകയും ചെയ്തു.

3. പ്രസ്തുത ശിപാർശയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടിയിൽ, പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആൻറ് വെറ്ററിനറി ബയോളജിക്കൽസിനെ (ഐ.എ.എച്ച്. & വി.ബി.) അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്ന വിഷയത്തിൽ, ഐ.എ.എച്ച് & വി.ബി.-യിലെ ലബോറട്ടറിയെ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസസ് (ജി.എം.പി.) നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി 100 കോടി രൂപ മുതൽമുടക്കും പ്രതിവർഷം 10 കോടി രൂപയുടെ ആവർത്തന ചെലവും ഉണ്ടാകുമെന്നാണ് നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡ് (എൻ.ഡി.ഡി.ബി.) കണക്കാക്കിയിരിക്കുന്നത് എന്നും കേരളത്തിന് ആവശ്യമുള്ള വെറ്ററിനറി മരുന്നുകൾ നിർമ്മിക്കുന്നതിനായി ഇത്രയധികം തുക ചെലവഴിച്ച് ജി.എം.പി. ലാബ് സ്ഥാപിക്കുന്നത് അഭികാമ്യമല്ല എന്നതിനാൽ ഐ.എ.എച്ച്.&വി.ബി.-യിലെ ലബോറട്ടറിയെ ജി.എം.പി നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്ന ശിപാർശ തല്ക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്നും അറിയിക്കുകയുണ്ടായി.

4. സർക്കാരിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന് സമിതി അഭിപ്രായപ്പെട്ടു. **ഈ വിഷയം പ്രത്യേക പഠന വിഷയമായി എടുക്കുന്നതിനും വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, വിഷയ വിദഗ്ദ്ധർ, ശാസ്ത്രജ്ഞർ എന്നിവരുമായി കൂടുതൽ ചർച്ച നടത്തുന്നതിനും വിഷയത്തിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കുന്നതിനും 23-8-2016-ലെ സമിതി യോഗം തീരുമാനിച്ചു.** പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിനെ അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്ന പ്രവർത്തനത്തിന്റെ ഭാഗമായി സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ബയോടെക്നോളജി തുടങ്ങിയ വിവിധ സാങ്കേതിക വൈദഗ്ദ്ധ്യ മേഖലകളുമായി കൂടിച്ചേർന്ന് കിടക്കുന്നതും സങ്കീർണ്ണ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതുമായ GMP പദ്ധതിയുടെ കൺസൾട്ടൻസി ഏൽപ്പിക്കുന്നതിനായി വിവിധ സർക്കാർ ഏജൻസികളുമായി ചർച്ചകളും അന്വേഷണങ്ങളും നടത്തിയെങ്കിലും അവരാരും കൺസൾട്ടൻസി ചുമതല ഏറ്റെടുക്കാൻ തയ്യാറായില്ല എന്നും 2006-ൽ ഒരു സ്വകാര്യ കൺസൾട്ടൻസി സ്ഥാപനം 'lowest bidder' എന്ന നിലയിൽ ലീഡർഷിപ്പ് പ്രോസസിൽ പങ്കെടുത്തെങ്കിലും സർക്കാർ അവരെ ചുമതലയേൽപ്പിച്ചില്ല എന്നും പുനർടെണ്ടറിംഗ് നടത്തിയപ്പോൾ ലഭിച്ച 2 വാലിഡ് ടെണ്ടറുകളും സാങ്കേതിക ബിഡിൽ പരാജയപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്തുവെന്നും വകുപ്പ് മറുപടി നൽകി.

5. 2009-ൽ പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിനെ കൺസൾട്ടൻസി ഏൽപ്പിക്കുന്നതിനായി സമീപിച്ചെങ്കിലും അവർ സമർപ്പിച്ച എസ്റ്റിമേറ്റ് തുകയായ 300 കോടി രൂപ വളരെ ഉയർന്നതായതിനാൽ സ്വീകരിക്കപ്പെട്ടില്ലെന്നും അറിയിച്ചു. തുടർന്ന് പ്രശസ്ത പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡിന്റെ അഡ്വൈസർ ഡോ. വി. എ. ശ്രീനിവാസനും ജനറൽ മാനേജർ (Animal Health) ഡോ. ജി.കെ. ശർമ്മയും ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സംഘം 2013 ജൂലൈയിൽ പ്രസ്തുത സ്ഥാപനം സന്ദർശിക്കുകയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പുതിയ GMP പദ്ധതികൾക്കായി നൂറ് കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തതായും, പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിച്ച ഈ രണ്ട് എസ്റ്റിമേറ്റുകളും 2006-ൽ തയ്യാറാക്കിയ അഞ്ച് കോടിയിൽ താഴെ ചെലവ് വരുന്ന എസ്റ്റിമേറ്റിനെക്കാൾ വളരെ കൂടുതലായിരുന്നതിനാൽ നിലവിലുള്ള സംവിധാനം പരിഷ്കരിക്കുവാൻ തീരുമാനിക്കുകയുണ്ടായെന്നും വകുപ്പ് വിശദീകരണം നൽകി.

6. 2008-ൽ കേരളത്തിൽ നിന്നും പൊതുമരാമത്ത് വകുപ്പിലെ രണ്ട് എഞ്ചിനീയർമാരെ ഇതു സംബന്ധിച്ച പഠനത്തിനായി ഐ.എ.എച്ച്.&വി.ബി., ബാംഗ്ലൂരിലെ ഹേബ്ബലിലേക്ക് അയയ്ക്കുകയും അവർ 4.69 കോടി രൂപയുടെ എസ്റ്റിമേറ്റ് ഇതിനായി സമർപ്പിക്കുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പിന് മൂന്ന് തവണകളായി

ഈ തുക നൽകുകയുണ്ടായി. 2015-ൽ ടി പുനർനിർമ്മാണ (Modification work) പ്രവർത്തനങ്ങൾ മാറ്റിവയ്ക്കുകയും പൊതുമരാമത്ത് വകുപ്പ് തിരിച്ച് നൽകിയ ടി തുക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസ് ഡയറക്ടറുടെ പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (TSB) നിക്ഷേപിക്കുകയും ചെയ്തു. പ്രസ്തുത സാമ്പത്തിക വർഷം നബാർഡിന്റെ കൺസൾട്ടൻസി വിഭാഗമായ നാബ്കോൺസ് 112.49 കോടി രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ട് സർക്കാരിലേയ്ക്ക് തയ്യാറാക്കി സമർപ്പിച്ചുവെങ്കിലും നബാർഡ്, ആർ.ഐ.ഡി.എഫ്. XXIV (2018-19)-ൽ മൃഗസംരക്ഷണ വകുപ്പിനും ക്ഷീരവികസന വകുപ്പിനും കൂടി 20 കോടി രൂപയുടെ സെക്ടറൽ അലോക്കേഷൻ മാത്രമാണ് അനുവദിച്ചിരുന്നത്. എല്ലാ വകുപ്പുകൾക്കും കൂടി നബാർഡിന്റെ ഇടക്കാല അലോക്കേഷൻ തുക 390 കോടി രൂപ മാത്രമായിരുന്നതിനാൽ പദ്ധതി അംഗീകാരത്തിനായി നബാർഡിലേയ്ക്ക് അയയ്ക്കുവാൻ നിർവ്വാഹമില്ലായിരുന്നുവെന്നും ലഭ്യമായ മറ്റ് മാർഗ്ഗങ്ങളിലൂടെ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായുമാണ് വകുപ്പ് മറുപടിയിൽ വ്യക്തമാക്കിയിരുന്നത്.

7. പ്രസ്തുത മറുപടി പരിശോധിച്ച സമിതി 'പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിനെ അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം' എന്ന സമിതി ശിപാർശയുടെ സാദ്ധ്യതകൾ പരിശോധിക്കുന്നതിനായി പ്രസ്തുത സ്ഥാപനം സന്ദർശിക്കുന്നതിനും, ഐ.എ.എച്ച്.&വി.ബി.-യിലെ ലബോറട്ടറിയെ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസസ് (ജി.എം.പി.) നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് കണ്ടെത്തുവാൻ കഴിയുമോയെന്ന് പരിശോധിക്കുവാൻ ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു. കിഫ്ബിയുടെ നിയമങ്ങൾക്കനുസൃതമായി ഐ.എ.എച്ച് & വി.ബി-യെ ജി.എം.പി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഫണ്ട് കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ് എന്ന് വകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി. 2018-19-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയവും 2020-21-ലെ കോവിഡ് മഹാമാരിയും വിലങ്ങുതടിയായതിനാൽ പ്രസ്തുത സ്ഥാപനം സന്ദർശിക്കുവാൻ സമിതിക്ക് സാധിച്ചില്ല. എങ്കിലും ഈ വിഷയം പ്രത്യേക പഠനവിഷയമായി എടുക്കുന്നതിന് സമിതി തീരുമാനിച്ചിരുന്ന സാഹചര്യത്തിൽ, പ്രസ്തുത വിഷയം 15-7-2021-ൽ ചേർന്ന എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)യുടെ പ്രഥമയോഗം പരിഗണിക്കുകയും വിഷയം സംബന്ധിച്ച് ഒരു ചോദ്യാവലി തയ്യാറാക്കി വകുപ്പിനോട് റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയുമുണ്ടായി. സമിതി നൽകിയ ചോദ്യാവലിക്ക് 3-12-2021-ലെ കത്ത് മുഖേന വകുപ്പ് ലഭ്യമാക്കിയ മറുപടി 6-1-2022-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ടി വിഷയം സംബന്ധിച്ച് മൃഗസംരക്ഷണം, ധനകാര്യം എന്നീ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും ആവശ്യമെങ്കിൽ

സന്ദർശനം നടത്തിയശേഷം റിപ്പോർട്ട് തയ്യാറാക്കുന്നതിനും നിർദ്ദേശിക്കുകയുമുണ്ടായി. തുടർന്ന് 12-5-2022-ൽ മൃഗസംരക്ഷണം, ധനകാര്യം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത വിഷയത്തിന്മേൽ തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പിന്റെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

8. തിരുവനന്തപുരത്ത് പാലോട് സ്ഥിതി ചെയ്യുന്ന ഐ.എ.എച്ച്&വി.ബി-യെ അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ശിപാർശ 2013-ൽ എസ്റ്റിമേറ്റ്സ് കമ്മിറ്റി സമർപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാൻ സാധിച്ചിട്ടില്ലായെന്നും, പ്രസ്തുത സ്ഥാപനത്തെ അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണകേന്ദ്രമാക്കി മാറ്റിയാൽ ഭാവിയിൽ വാക്സിൻ ഉല്പാദനമടക്കം നടത്താൻ സാധിക്കുമെന്നും സ്ഥാപനത്തെ ജി.എം.പി. നിലവാരത്തിലേക്ക് ഉയർത്താനുതകുന്ന പ്രോജക്ട് തയ്യാറാക്കുന്നതിനായി സ്വകാര്യ കൺസൾട്ടൻസിയെ സമീപിച്ചെങ്കിലും എസ്റ്റിമേറ്റ് തുകയായ 300 കോടി രൂപ വളരെ ഉയർന്നതായിരുന്നതിനാൽ സ്വീകരിക്കപ്പെട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. സ്ഥാപനം കിഫ്ബിയിൽ നിന്ന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്താത്തത് അപലപനീയമാണെന്നും സ്ഥാപനത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേക്കായി എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് വ്യക്തത വരുത്താൻ വകുപ്പിന് സാധിച്ചിട്ടില്ലായെന്നും സമിതി നിരീക്ഷിക്കുന്നു.

9. 1979 ഡിസംബറിൽ മൃഗസംരക്ഷണ വകുപ്പിനു കീഴിലായി തിരുവനന്തപുരം ജില്ലയിലെ പാലോട് സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസ് എന്ന സ്ഥാപനം, കന്നുകാലികളിലെ പലതരം രോഗങ്ങൾക്കെതിരെയുള്ള വൈറൽ, ബാക്ടീരിയൽ വാക്സിനുകൾ നിർമ്മിച്ചു വരുന്നു. ലൈവ് സ്റ്റോക്ക്, പൗൾട്രി എന്നീ രണ്ട് വിഭാഗങ്ങളെ അവലംബിച്ചുകൊണ്ടാണ് സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്. 46.526 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന പ്രസ്തുത സ്ഥാപനത്തിൽ ഒരു പ്രധാന ലബോറട്ടറി സമുച്ചയം, സ്റ്റാൻഡർഡൈസേഷൻ ലബോറട്ടറി, റിസർച്ച്-ഡെവലപ്മെന്റ് ഡിവിഷൻ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, മൃഗങ്ങളുടെ പ്രജനനകേന്ദ്രം, നിരീക്ഷണ ഷെഡുകൾ, ഇൻസിനറേറ്റർ, റസിഡൻഷ്യൽ ക്വാർട്ടേഴ്സുകൾ എന്നിവയാണ് നിലവിലുള്ളത്. ഇനിയും കൂടുതൽ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലസൗകര്യം ഇവിടെ ലഭ്യമാണ്.

10. കോവിഡ് മഹാമാരി കന്നുകാലികളെയും മറ്റു വളർത്തുമൃഗങ്ങളെയും ബാധിക്കുമോ എന്നതു സംബന്ധിച്ച് ശാസ്ത്രലോകത്തിന് വ്യത്യസ്താഭിപ്രായങ്ങളാണുള്ളത്. നിപ്പയും കോവിഡും പോലുള്ള മാരകരോഗങ്ങളുടെ വൈറസുകൾ ജന്തുക്കളിൽനിന്ന് മനുഷ്യരിലേയ്ക്ക് പകരുമെന്നതിനാൽ മൃഗങ്ങളുടെ ചികിത്സക്കും വാക്സിൻ നിർമ്മാണത്തിനും

ഗവേഷണത്തിനും ഉതകുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ട് വെറ്ററിനറി മേഖലയിൽ വളരെ അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. മനുഷ്യരെ ബാധിക്കുന്നതുപോലെ തന്നെ, മൃഗങ്ങൾക്കും പക്ഷികൾക്കും ഓമനമൃഗങ്ങൾക്കും പനി, പ്രമേഹം, അർബുദം, കൊളസ്ട്രോൾ, രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾ പിടിപെടുന്നതായി തെളിയിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ 'പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസി' നെ പോലുള്ള സ്ഥാപനങ്ങൾ വളരെയധികം പ്രാധാന്യമർഹിക്കുന്നു.

## സമിതിയുടെ നിഗമനങ്ങളും ശിപാർശകളും

11. സംസ്ഥാനത്തെ വളർത്തുമൃഗങ്ങളിൽ ഭൂരിഭാഗവും ഗ്രാമങ്ങളിലാണുള്ളത്. ഗ്രാമീണ ജനതയുടെ നല്ലൊരു ശതമാനവും കന്നുകാലി വളർത്തലിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ട് ജീവിക്കുന്നവരാണ്. മൃഗസംരക്ഷണം ജീവനോപാധി യാക്കിയിരിക്കുന്നതിൽ ഭൂരിഭാഗവും സ്ത്രീകളും സാധാരണക്കാരുമാണ്. അതുകൊണ്ടുതന്നെ മൃഗസംരക്ഷണ മേഖലയിലെ വികസന പ്രവർത്തനങ്ങളെല്ലാം ഗ്രാമീണ സാമ്പത്തിക മേഖലയ്ക്ക് ശക്തി പകരുന്നവയാണ്. സംസ്ഥാനത്തിന്റെ ദാരിദ്ര്യനിർമ്മാർജ്ജനത്തിലും തൊഴിൽ സംരഭകത്വത്തിലും നിർണ്ണായക പങ്ക് വഹിക്കത്തക്ക രീതിയിൽ പരമ്പരാഗത കർഷകരെ നിലനിർത്തുന്നതിനാവശ്യമായ പുതിയ സാങ്കേതികവിദ്യകൾ പരീക്ഷണ ശാലയിൽ നിന്നും പ്രവർത്തനമേഖലയിലേയ്ക്ക് കൊണ്ടുവരിക, മൃഗപരിശോധന, അവയുടെ വാക്സിനേഷൻ, മൃഗജന്യ രോഗങ്ങളുടെ നിയന്ത്രണം എന്നിവ മൃഗസംരക്ഷണവും ക്ഷീര വികസനവും വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. ഇവ പ്രാവർത്തികമാകണമെങ്കിൽ മൃഗസംരക്ഷണ രംഗത്തും ക്ഷീരവികസന മേഖലയിലും വൈവിധ്യവൽക്കരണവും ആധുനികവൽക്കരണവും നടത്തേണ്ടത് അത്യാവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു.

12. പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിൽ താഴെ പറയുന്ന ബാക്ടീരിയൽ വാക്സിനുകളും വൈറൽ വാക്സിനുകളും നിർമ്മിക്കുന്നുണ്ട്.

<u>ബാക്ടീരിയൽ വാക്സിനുകൾ</u> :

1. Anthrax Vaccine
2. Duck Pastuerella Vaccine
3. HS Vaccine
4. BQ Vaccine
5. Enterotoxemia Vaccine

<u>വൈറൽ വാക്സിനുകൾ</u> :

1. കോഴിവസന്ത F Strain (കോഴിക്കുഞ്ഞുങ്ങൾക്ക്)
2. കോഴിവസന്ത R2 B Strain (മുട്ടകോഴികൾക്ക്)
3. കോഴിവസന്ത RDK Strain (മുട്ടകോഴികൾക്ക്)
4. Duck Plague Vaccine
5. Fowl Pox Vaccine
6. Classical Swine Fever Vaccine
7. ആട് വസന്ത വാക്സിൻ (PPR)

13. കന്നുകാലികളിലെ കുളമ്പുരോഗത്തിന്റെ (FMD) പ്രതിരോധ കുത്തിവയ്പിനുള്ള വാക്സിൻ കേരളത്തിൽ ഉല്പാദിപ്പിക്കുന്നില്ലെന്നും ആയത് കേന്ദ്ര FMD കൺട്രോൾ പ്രോഗ്രാമിൽ നിന്നാണ് ലഭിക്കുന്നതെന്നും ആയത് കേന്ദ്രസർക്കാർ സ്കീമിലുൾപ്പെടുത്തി സംഭരിച്ച് നേരിട്ട് സംസ്ഥാനത്തിന് ലഭ്യമാക്കുകയാണ് ചെയ്തുവരുന്നതെന്നും ഇത്തരത്തിലുള്ള ഒരു പ്ലാന്റ് സംസ്ഥാനത്ത് നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചു വരുന്നതായും സമിതിക്ക് ബോധ്യപ്പെട്ടു. കൂടാതെ ദക്ഷിണേന്ത്യയിലേയ്ക്കാവശ്യമായ കുളമ്പ് രോഗത്തിനുള്ള പ്രതിരോധ വാക്സിൻ ഉല്പാദിപ്പിക്കാൻ സാധിക്കുമോയെന്ന് സമീപകാലത്ത് കേന്ദ്രസർക്കാർ ആരാഞ്ഞതായും അത്തരമൊരു പ്ലാന്റ് നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ കീഴിലുള്ള കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ചേർന്ന് പൊതു-സ്വകാര്യ-പങ്കാളിത്ത (പി.പി.പി.) മാതൃകയിൽ ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിച്ചതായും സമിതി മനസ്സിലാക്കുന്നു. ആന്റിറാബീസ് വാക്സിൻ, കുളമ്പ് രോഗത്തിനുള്ള വാക്സിൻ എന്നിവയൊക്കെ നിർമ്മിക്കേണ്ടത് 'വൺ ഹെൽത്ത് അപ്രോച്ചിന്റെ' ഭാഗമാണ്. ഈ വിഷയം പരിഹരിക്കാതെ മനുഷ്യരുടെ ആരോഗ്യവും സംരക്ഷിക്കാൻ കഴിയില്ല. സംസ്ഥാനത്ത് കുളമ്പ് രോഗത്തിനുള്ള പ്രതിരോധ വാക്സിൻ ലഭ്യതയിൽ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതിനാൽ പ്രസ്തുത വാക്സിൻ ഉല്പാദിപ്പിക്കുന്നതിനുള്ള ശ്രമമുണ്ടാകേണ്ടത് അനിവാര്യമാണെന്നും കുളമ്പ് രോഗത്തിനുള്ള വാക്സിൻ ഉല്പാദിപ്പിക്കാൻ സാധിച്ചാൽ പ്രസ്തുത സ്ഥാപനത്തെ ഉയർന്ന നിലവാരത്തിലെത്തിക്കാൻ സാധിക്കുമെന്നും അഭിപ്രായപ്പെട്ട സമിതി, **'വൺ ഹെൽത്ത് അപ്രോച്ചിന്റെ' ഭാഗമായി സംസ്ഥാനത്തിനാവശ്യമായ വിവിധതരം വാക്സിനുകൾ സംസ്ഥാനത്തുതന്നെ നിർമ്മിക്കുവാൻ അടിയന്തര സാഹചര്യം സൃഷ്ടിക്കുന്നതിന് വകുപ്പ് സത്വര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.**

14. ആലപ്പുഴ ജില്ലയിൽ പാസ്റ്ററെല്ല രോഗം ബാധിച്ച് നിരവധി താറാവുകൾ ചത്തൊടുങ്ങിയപ്പോൾ പാലോട് ഐ.എ.എച്ച്.& വി.ബി.-യിൽ ഉത്പാദിപ്പിച്ച വാക്സിൻ ഉപയോഗിച്ചതുവഴി താറാവുകളിലെ മരണനിരക്ക് വളരെയധികം കുറയ്ക്കുവാനും രോഗം പടരുന്നതു തടയുവാനും കഴിഞ്ഞിട്ടുണ്ടെന്നതും പ്രസ്തുത വാക്സിന് അയൽ സംസ്ഥാനങ്ങളിൽ നിന്നുപോലും ഏറെ ആവശ്യക്കാരുണ്ടെന്നതും ഏറെ അഭിമാനകരമാണ്. പാസ്റ്ററെല്ല വാക്സിൻ ഇന്ത്യയിൽ കേരളത്തിൽ മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂവെന്നും ആവശ്യമുള്ളതിന്റെ പകുതി മാത്രമാണ് ഇപ്പോഴത്തെ ടെക്നോളജി ഉപയോഗിച്ച് ഉല്പാദിപ്പിക്കാൻ സാധിക്കുന്നതെന്നും ഫെർമെന്റർ ടെക്നോളജി ഉപയോഗിക്കുകയാണെങ്കിൽ കൂടുതൽ വാക്സിൻ ഉല്പാദിപ്പിക്കാൻ സാധിക്കുന്നതാണെന്നും പ്രസ്തുത വാക്സിൻ ഒരു വർഷം വരെ റെഫ്രിജറേറ്ററിൽ സൂക്ഷിച്ചുവയ്ക്കാൻ സാധിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വാക്സിന് ആവശ്യക്കാർ ഏറെയുള്ളതിനാൽ അതിന്റെ നിർമ്മാണം വിപുലീകരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പാസ്റ്ററെല്ല രോഗത്തിന് ഇപ്പോഴും പഴയ സാങ്കേതികവിദ്യയായ ബ്ലാസ്റ്റ് മെത്തേഡാണ് ഉപയോഗിക്കുന്നതെന്നും അതിനെ ഫെർമെന്റർ ടെക്നോളജി എന്ന നൂതന സാങ്കേതിക വിദ്യയിലേക്ക് മാറ്റാൻ സാധിക്കുന്നതാണെന്നും ഇതിനായി ഫെർമെന്റർ അടിസ്ഥാനമാക്കിയുള്ള ലാബ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുള്ളതായും ഇതിനായി 100-120 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും സമിതി നിരീക്ഷിക്കുന്നു.

15. ഫെർമെന്റർ ടെക്നോളജി ഉപയോഗിച്ച് പാസ്റ്ററെല്ല വാക്സിൻ മാത്രമല്ല, കുരലടപ്പൻ ഉൾപ്പെടെയുള്ള എല്ലാ ബാക്ടീരിയൽ രോഗങ്ങൾക്കുള്ള വാക്സിനുകളും ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നതാണെന്നും കുളമ്പ്, കുരലടപ്പൻ രോഗങ്ങൾക്ക് കമ്പയിൻഡ് വാക്സിൻ ഉല്പാദിപ്പിക്കണമെന്നതാണ് കേന്ദ്രസർക്കാരിന്റെ താല്പര്യമെന്നും നിലവിലുള്ള പ്ലാന്റിന് സമാന്തരമായി എഫ്.എം.ഡി.-യുടെ ഒരു പ്ലാന്റ് കൂടി സ്ഥാപിച്ചാൽ ഈ വാക്സിൻ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നും തെളിവെടുപ്പിലൂടെ സമിതിക്ക് ബോധ്യപ്പെട്ടു. നിലവിൽ ഹരിയാനയിൽ മാത്രമേ പ്രസ്തുത വാക്സിൻ നിർമ്മിക്കുന്നുള്ളൂവെന്നും ആയത് ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡാണ് വിതരണം ചെയ്യുന്നതെന്നും ഒരു പ്ലാന്റിൽ എഫ്.എം.ഡി. വാക്സിനും മറ്റൊരു പ്ലാന്റിൽ എച്ച്.എസ്. വാക്സിനും ഉല്പാദിപ്പിച്ച് ഇവ രണ്ടും കൂടി ചേർത്ത് മൂന്നാമത്തെ പ്ലാന്റിൽ വാക്സിൻ ആക്കി നൽകുകയാണ് ചെയ്യുന്നതെന്നും നമ്മുടെ സംസ്ഥാനത്തും ഈ സൗകര്യം എർപ്പെടുത്താൻ സാധിച്ചാൽ വേറൊരു വാക്സിൻ ആഡ് ഓൺ ചെയ്യാനും ഈ വാക്സിൻ മാത്രമായി ഉല്പാദിപ്പിക്കാനും സാധിക്കുമെന്നും ഉദ്യോഗസ്ഥരിൽ നിന്നുള്ള തെളിവെടുപ്പ് വേളയിൽ സമിതി മനസ്സിലാക്കി. **കന്നുകാലികളിലെ കുളമ്പ് രോഗം, പേപ്പട്ടി വിഷബാധ, പാസ്റ്ററെല്ല എന്നിവയ്ക്കുള്ള**

**വാക്സിനുകൾ, വിരമരുന്നുകൾ, ആന്റിബയോട്ടിക്കുകൾ മുതലായവ നമ്മുടെ സംസ്ഥാനത്ത് തന്നെ ഉൽപാദിപ്പിക്കുവാൻ സാധിക്കുമെന്നതിനാൽ പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിനെ അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

16. നിലവിൽ ഓമനമൃഗങ്ങൾക്കും കിളികൾക്കുമുള്ള വാക്സിൻ പ്രസ്തുത സ്ഥാപനത്തിൽ ഉൽപാദിപ്പിക്കുന്നില്ല എന്നും അവ സ്വകാര്യസ്ഥാപനങ്ങൾ വഴിയാണ് ആവശ്യക്കാർക്ക് ലഭിക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. കൂടാതെ ആന്റിബയോട്ടിക്കുകളും വിരമരുന്നുകളും മറ്റ് ഔഷധങ്ങളും ഈ സ്ഥാപനത്തിൽ നിർമ്മിക്കപ്പെടുന്നില്ല. ഓമനമൃഗങ്ങൾക്കും കിളികൾക്കുമുള്ള വാക്സിനുകൾ, വിരമരുന്നുകൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നത് ലളിതമായി ചെയ്യാവുന്ന കാര്യമാണെന്നും ആയത് ഇവയുടെ വില്പന ജീവിതമാർഗ്ഗമായി സ്വീകരിച്ചവർക്ക് സഹായകമാകുമെന്നും സമിതി കരുതുന്നു. പരിശീലനം ലഭിച്ച ഫാർമകെമിസ്റ്റിന്റെ അഭാവമാണ് ഇതിനുള്ള തടസ്സമെന്ന് ചർച്ചകളിലൂടെ സമിതി മനസ്സിലാക്കുന്നു. സ്ഥാപനത്തിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേണിലെ ഫാർമകെമിസ്റ്റ് എന്ന തസ്തിക മുൻപുണ്ടായിരുന്ന കെമിസ്റ്റ് എന്ന തസ്തിക അപ്ഗ്രേഡ് ചെയ്തതാണെന്നും റീ-പാക്കിംഗ് ലൈസൻസ് ഉൾപ്പെടെയുള്ള ലൈസൻസുകൾ ലഭിക്കണമെങ്കിൽ ഫാർമകെമിസ്റ്റിന് പ്രൊഡക്ഷൻ ഇൻഡസ്ട്രിയിൽ കുറഞ്ഞത് 18 മാസത്തെ പരിശീലനം ലഭിച്ചിരിക്കണമെന്നും ഇപ്പോഴുള്ള ഫാർമകെമിസ്റ്റിന് പ്രൊഡക്ഷൻ എക്സ്പീരിയൻസ് ഇല്ലാത്തതാണ് യൂണിറ്റ് തുടങ്ങാൻ തടസ്സമെന്നും സമിതിക്ക് ബോധ്യപ്പെട്ടു. വാക്സിൻ ഉല്പാദനത്തിന് അടിസ്ഥാനപരമായി മൈക്രോബയോളജി ബാക്ക്ഗ്രൗണ്ടുള്ള ജീവനക്കാർ മതിയാകുമെന്നും വാക്സിൻ നിർമ്മാണത്തിനുവേണ്ടി ആരംഭിച്ച സ്ഥാപനമായതിനാൽ കെമിക്കൽസിന്റെ സ്റ്റോക്ക് കസ്റ്റോഡിയൻ എന്ന നിലയ്ക്കാണ് കെമിസ്റ്റ് തസ്തിക സൃഷ്ടിച്ചിരുന്നതെന്നും ലൈസൻസിന് അപേക്ഷിക്കണമെങ്കിൽ ഫാർമകെമിസ്റ്റ് പേറോളിൽ ഉൾപ്പെട്ടയാൾ ആയിരിക്കണമെന്നും ഫാർമസ്യൂട്ടിക്കൽ യൂണിറ്റ് ആരംഭിച്ചപ്പോൾ അടിയന്തര സാഹചര്യം കണക്കിലെടുത്ത് കെമിസ്റ്റ് തസ്തിക അപ്ഗ്രേഡ് ചെയ്തതാണെന്നും സമിതി മനസ്സിലാക്കുന്നു. **സ്ഥാപനത്തെ മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള ഫാർമകെമിസ്റ്റിനെ ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ (കെ.എസ്.ഡി.പി.) അയച്ച് പരിശീലനം നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതോടൊപ്പം തന്നെ, പ്രവൃത്തിപരിചയമുള്ളയാളുടെ സഹായം ലഭ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും സ്ഥാപനത്തിൽ വിരമരുന്നുൾപ്പെടെയുള്ള വാക്സിൻ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

17. ഐ.എ.എച്ച്.&വി.ബി.-യിൽ ഉല്പാദിപ്പിക്കുന്ന ലൈവ്സ്റ്റോക്ക്, പൗൾട്രി വാക്സിനുകൾ, വെറ്ററിനറി ഡിസ്പെൻസറി/ഹോസ്പിറ്റൽ, പോളിക്ലിനിക്, ഡിസ്ട്രിക്ട് വെറ്ററിനറി സെന്റർ, മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ തുടങ്ങിയ ശൃംഖലകൾ വഴി കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതായും ADCP (Animal Disease Control Project)യിൽ നിന്ന് ക്രോഡീകരിച്ച് ലഭിക്കുന്ന വാക്സിനുകളും കർഷകർക്ക് സൗജന്യമായി നൽകുന്നതായും അടിയന്തര സാഹചര്യം നേരിടുന്നതിനായി വർഷം തോറും വാക്സിനുകൾ സംഭരിച്ച് വയ്ക്കുന്നതായും സമിതി മനസ്സിലാക്കുന്നു. കൂടാതെ കേരളത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച തുകയ്ക്ക് വാക്സിൻ വാങ്ങാവുന്നതാണെന്നും സമിതിയ്ക്ക് ബോധ്യപ്പെടുകയുണ്ടായി.

18. മൃഗസംരക്ഷണ മേഖലയിൽ ആവശ്യമുള്ള എല്ലാ വാക്സിനുകളും ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും നായ, പൂച്ച എന്നിവയുടെ കടിയേൽക്കുമ്പോൾ നൽകുന്ന വാക്സിനുകൾ ഐ.എ.എച്ച്.&വി.ബി.-യിൽ ഉല്പാദിപ്പിക്കുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. പേവിഷബാധയ്ക്കുള്ള വാക്സിൻ നിർമ്മിക്കുന്നതിന് നബാർഡിന്റെ കൺസൾട്ടൻസി വിഭാഗമായ നാബ്കോൺസ് 112.49 കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെങ്കിലും മൃഗസംരക്ഷണ വകുപ്പിനും ക്ഷീരവികസന വകുപ്പിനും കൂടി 2018-19-ൽ 20 കോടി രൂപയുടെ സെക്ടറൽ അലോക്കേഷൻ മാത്രമേ അനുവദിച്ചിരുന്നുള്ളൂ എന്നതിനാൽ പദ്ധതി അംഗീകാരത്തിനായി നബാർഡിലേക്ക് അയക്കുവാൻ നിർവ്വാഹമില്ലായിരുന്നു എന്നും നിലവിലെ സാഹചര്യത്തിൽ കിഫ്ബി പോലുള്ള ഫണ്ടിംഗ് ഏജൻസികൾ മുഖാന്തരം മാത്രമേ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ എന്നും സമിതി വിലയിരുത്തുന്നു. കൂടാതെ, പേപ്പട്ടിശല്യം വളരെയധികം വർദ്ധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇതിന് വളരെയധികം പ്രസക്തിയുണ്ടെന്നും സമിതി കരുതുന്നു. പേപ്പട്ടി വിഷബാധയ്ക്കുള്ള വാക്സിൻ കോശങ്ങളിൽ വളർത്തിയെടുക്കുകയാണ് ചെയ്യുന്നതെന്നും, നിലവിൽ പേപ്പട്ടി വിഷബാധയ്ക്കുള്ള വാക്സിൻ ഉല്പാദിപ്പിക്കുന്നില്ലായെന്നും, 2017-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമാണ് ആയതിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിരുന്നതെന്നും നിലവിൽ ആ തുകയ്ക്ക് പ്രോജക്ട് ചെയ്യാൻ സാധിക്കാത്തതിനാൽ 2017-ൽ ഡി.പി.ആർ. തയ്യാറാക്കിയ നാബ്കോൺസിനോട് ഡി.പി.ആർ. റിവൈസ് ചെയ്താൽ എത്ര അധികചെലവ് വരുമെന്ന് ആരാഞ്ഞിട്ടുള്ളതായും തെളിവെടുപ്പ് വേളയിൽ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. **പേപ്പട്ടി വിഷബാധയ്ക്കുള്ള വാക്സിൻ ഉല്പാദനത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നാബ്കോൺസിന് തുക അനുവദിച്ചിട്ടുള്ളതായും നിലവിൽ ഈ സ്ഥാപനത്തിലെ വാക്സിൻ ഉല്പാദനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും, പ്ലാൻ ഫണ്ടിൽ അനുവദിക്കുന്നതിനെക്കാൾ കൂടുതൽ തുക ഇതിന് ആവശ്യമായി**

**വരുമെന്നതിനാൽ കേന്ദ്രസർക്കാരിൽ നിന്ന് സഹായം ലഭ്യമാക്കാൻ ശ്രമിക്കണമെന്നും വാക്സിൻ നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

19. ക്ഷീരമേഖല കടുത്ത നഷ്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്നും മൃഗങ്ങളുടെ സംരക്ഷണത്തിനും അവയുടെ ആരോഗ്യത്തിനും വേണ്ടി നല്ലൊരു സ്ഥാപനം ആവശ്യമാണെന്നും സമിതി നിരീക്ഷിക്കുന്നു. **വാക്സിനും അത്യാവശ്യ മരുന്നുകളും ഉല്പാദിപ്പിക്കാൻ കഴിയുന്ന സ്ഥാപനമാക്കി പാലോട് ഐ.എ.എച്ച്.&വി.ബി.-യെ ഉയർത്തുന്നതിനാവശ്യമായ ഫണ്ട് സർക്കാരിൽ നിന്ന് ലഭിക്കുന്നതിനായി മാസ്റ്റർ പ്ലാനും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും (DPR) തയ്യാറാക്കണമെന്നും, ഘട്ടം ഘട്ടമായി പദ്ധതി പൂർത്തീകരിക്കണമെന്നും, രണ്ടു മൂന്ന് വർഷത്തിനുള്ളിൽ ആദ്യഘട്ടമെങ്കിലും പൂർത്തീകരിക്കണമെന്നും നിലവിൽ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

20. പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിലെ ലാബോറട്ടറിയെ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസസ് (ജി.എം.പി.) നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി 100 കോടി രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിരിക്കുന്നതെന്നും, കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കാനുള്ള ശ്രമം നടത്തിയിട്ടുള്ളതായും തുടർശ്രമങ്ങൾ നടത്തിയിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. കൺസൾട്ടൻസി സേവനം ലഭിക്കുന്നതിന് സാധ്യമാകാത്തതും, ഫണ്ടിന്റെ അപര്യാപ്തതയും മൂലമാണ് സ്ഥാപനത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെ പോകുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. **പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിലെ ലാബോറട്ടറിയെ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസസ് (ജി.എം.പി.) നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി അടുത്ത സാമ്പത്തിക വർഷം മുതൽ ഘട്ടംഘട്ടമായി ബഡ്ജറ്റിൽ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

21. സ്ഥാപനത്തെ അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്ന പ്രവർത്തനത്തിന്റെ ഭാഗമായി സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ബയോടെക്നോളജി തുടങ്ങിയ വിവിധ സാങ്കേതിക വൈദഗ്ധ്യ മേഖലകളുമായി കൂടിച്ചേർന്ന് കിടക്കുന്നതും സങ്കീർണ്ണ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതുമായ GMP പദ്ധതിയുടെ കൺസൾട്ടൻസി ഏൽപ്പിക്കുന്നതിനായി വിവിധ സർക്കാർ ഏജൻസികളുമായി ചർച്ചകളും അന്വേഷണങ്ങളും നടത്തിയെങ്കിലും അവരാരും കൺസൾട്ടൻസി ചുമതല ഏറ്റെടുക്കാൻ തയ്യാറായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സാധാരണയായി കൺസൾട്ടൻസി

ഏൽപ്പിക്കുന്നതിന് താല്പര്യപത്രം (എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ്) ക്ഷണിക്കുമ്പോൾ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഗവൺമെന്റ് സ്ഥാപനങ്ങൾക്കാണ് മുൻഗണന നൽകുന്നത്. എന്നാൽ ഫണ്ട് പര്യാപ്തമാണോ എന്നറിഞ്ഞതിനുശേഷം മാത്രമാണ് ഗവൺമെന്റ് സ്ഥാപനങ്ങൾ ആയത് ഏറ്റെടുക്കുവാൻ തയ്യാറാകുന്നത്. കേരള പൊതുമരാമത്ത് വകുപ്പിനെ പദ്ധതിയുടെ കൺസൾട്ടൻസി ചുമതല ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിന് 2008-2009 വർഷത്തിൽ ഏൽപ്പിച്ചിരുന്നു. എന്നാൽ തുടർന്നുള്ള 3 വർഷങ്ങളിലെ ഇടവേളകളിൽ രണ്ട് പുതിയ എസ്റ്റിമേറ്റുകൾ വകുപ്പ് നൽകി. എസ്റ്റിമേറ്റ് പുതുക്കിയതിന് വ്യക്തമായ കാരണം സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിന് സാധിക്കാതിരുന്നതിനാൽ അനുവദിച്ച തുക തിരികെ ഏറ്റെടുക്കേണ്ടതായിവന്നു. 2003-2004 വർഷത്തിൽ ഒരു എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചുവെങ്കിലും കേരളത്തിലെ ഒരു പൊതുമേഖലാ സ്ഥാപനവും ഈ പ്രോജക്റ്റിന് താല്പര്യം പ്രകടിപ്പിച്ചില്ല. ഒരു വാക്സിൻ ഉല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ പരിചയവും പ്രാഗൽഭ്യവും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്നില്ല എന്നതാണ് കാരണം. അതിനുശേഷം ബാംഗ്ലൂരിലെ SRP ENVIRO SYSTEM എന്ന സ്ഥാപനത്തിന് കൺസൾട്ടൻസി നൽകുകയുണ്ടായി. 2006-ൽ ലീഡർഷിപ്പ് പ്രോസസിൽ ഉൾപ്പെട്ട ടെൻഡറിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയത് കൺസൾട്ടൻസി ഏജൻസിയായ SRP ENVIRO SYSTEM ആയിരുന്നു. ഒരേ സ്ഥാപനത്തെ തന്നെ കൺസൾട്ടൻസിയും നിർമ്മാണവും ഏൽപ്പിക്കുക പ്രായോഗികമല്ലാത്തതിനാൽ ടി സ്ഥാപനത്തിന് അനുമതി നൽകിയിരുന്നില്ല. കൺസൾട്ടൻസിക്കും നിർമ്മാണത്തിനും രണ്ടു വ്യത്യസ്ത ഏജൻസികൾ തിരഞ്ഞെടുക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യം തുടർച്ചയായി ഉണ്ടാകുന്നത് സ്ഥാപനത്തിന്റെ നവീകരണത്തിന് വിഘാതമാകുന്നു. സംസ്ഥാനത്തെ എല്ലാ സർക്കാർ നിർമ്മാണ പ്രവർത്തനങ്ങളും പൊതുമരാമത്ത് വകുപ്പ് ചെയ്യുന്നതിനാൽ കൺസൾട്ടൻസി ഏറ്റെടുക്കുവാൻ ആദ്യമായി സർക്കാർ ഏജൻസികളെ സ്ഥാപനം സമീപിച്ചെങ്കിലും, പൊതുമരാമത്ത് വകുപ്പ് സാധാരണ ചെയ്യുന്ന പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമാണ് വാക്സിൻ പ്ലാന്റ് നിർമ്മാണമെന്നും, പൊതുമരാമത്ത് വകുപ്പിനെ ഇത്തരം പ്രവൃത്തികൾ ഏൽപ്പിച്ചാൽ എഞ്ചിനീയർമാരെ ഇതുമായി ബന്ധപ്പെട്ട് ബാംഗ്ലൂരിലെ സ്ഥാപനത്തിൽ പഠനത്തിനയക്കേണ്ടി വരുമെന്നും സാധാരണ കെട്ടിടങ്ങളുടെ മേൽക്കൂര 3-4 ഇഞ്ച് കനത്തിൽ കോൺക്രീറ്റ് ചെയ്യുമ്പോൾ പ്ലാന്റിന്റെ മേൽക്കൂര മൂന്ന് ഇഞ്ച് കനം വീതമുള്ള കോൺക്രീറ്റ് ലെയറിന്റെ ഇടയ്ക്ക് റബ്ബറൈസ് ചെയ്തതിനുശേഷം അടുത്ത ലെയർ കോൺക്രീറ്റ് എന്ന കണക്കിൽ 12 ഇഞ്ച് കനത്തിലാണ് കോൺക്രീറ്റ് ചെയ്യുന്നതെന്നും അതിനുമുകളിൽ സ്ഥാപിക്കുന്ന ഉപകരണങ്ങളുടെ വൈബ്രേഷൻ താഴത്തെ നിലയിലെ

പ്രോസസ്സിനെ ബാധിക്കാതിരിക്കുന്നതിനാണ് ഇത്തരത്തിൽ നിർമ്മിക്കുന്നതെന്നും തെളിവെടുപ്പ് വേളയിൽ സമിതിയ്ക്ക് ബോധ്യപ്പെട്ടു. പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് ഈ മേഖലയിൽ പ്രാഗത്ഭ്യം കുറവായിരിക്കുമെന്നും ഇത്തരം സ്ഥാപനങ്ങളിൽ സുരക്ഷാ സംവിധാനം ഒരു പ്രധാന ഘടകമാണെന്നും സമിതി നിരീക്ഷിക്കുന്നു. **കൺസൾട്ടൻസിയും നിർമ്മാണവും ഒരു ഏജൻസിയെ തന്നെ ഏൽപ്പിക്കുന്നതുകൊണ്ട് സ്ഥാപനം നൽകുന്ന പ്രൊപ്പോസൽ നിരസിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിന്റെ പ്രായോഗികത പരിശോധിക്കണമെന്നും സംസ്ഥാനത്തിന് ഭാവിയിൽ വളരെ നേട്ടമുണ്ടാക്കാവുന്ന ഗവേഷണ സ്ഥാപനം എന്ന നിലയ്ക്കുള്ള പ്രത്യേക പരിഗണന നൽകി ഈ സ്ഥാപനം പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

22. പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർ നൽകിയ നവീകരണത്തിനുള്ള എസ്റ്റിമേറ്റ് പ്രകാരം 4.69 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് മൂന്നു തവണയായി നൽകുകയുണ്ടായി. എന്നാൽ നവീകരണ പ്രവർത്തനങ്ങൾ നീട്ടിവച്ചുകൊണ്ടുള്ള 2015-ലെ സർക്കാർ നിർദ്ദേശത്തെ തുടർന്ന്, ഇൻസിനറേറ്റർ സ്ഥാപിച്ച വകയിൽ ചെലവായ 44 ലക്ഷം രൂപ ഒഴികെയുള്ള 4.25 കോടി രൂപ പൊതുമരാമത്ത് വകുപ്പിൽ നിന്നും തിരികെ വാങ്ങി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ eTSB അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. 13-ാം ധനകാര്യ കമ്മീഷൻ നൽകിയ ഫാർമസ്യൂട്ടിക്കൽ യൂണിറ്റിനുള്ള തുക ഉൾപ്പെടെ പ്രസ്തുത അക്കൗണ്ടിൽ ഉണ്ടായിരുന്ന 5,79,75,103 രൂപയിൽ നിന്നും 22-3-2018-ലെ സ.ഉ.(പി)നം.51/2018/ എഫ്.ഡി. പ്രകാരം 5,21,77,593 രൂപ സർക്കാർ തിരികെയെടുത്തതിനാൽ ബാക്കിയുള്ള 57,97,510 രൂപ ജി.എം.പി. പ്രോജക്ട് തുടങ്ങുന്നതിന് അപര്യാപ്തമാണ് എന്ന് വകുപ്പ് അറിയിക്കുകയുണ്ടായി. ഇപ്രകാരം സർക്കാർ തിരികെയെടുത്ത 5,21,77,593 രൂപ തിരികെ ലഭിക്കുന്നതിനു വേണ്ടി സ്ഥാപനം ധനകാര്യ വകുപ്പിന് വിശദീകരണം ഉൾപ്പെടുത്തി അപേക്ഷ നൽകേണ്ടതുണ്ടെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത തുക ഐ.എ.എച്ച് & വി. ബി.-യിൽ GMP ലാബ് സ്ഥാപിക്കുന്നതിനുള്ള തുടക്ക മുതൽമുടക്കായി കരുതി ബാക്കി തുകയ്ക്കുള്ള നടപടികൾ പുരോഗമിക്കുമ്പോഴാണ് സർക്കാർ തുക തിരികെയെടുത്തത്. **വിശദീകരണം കൃത്യമായി രേഖപ്പെടുത്തുന്ന സ്ഥാപനങ്ങൾക്ക് തുക തിരികെ നൽകാറുണ്ടെന്ന് ധനകാര്യ വകുപ്പ് തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് വിശദീകരണം കൃത്യമായി രേഖപ്പെടുത്തി ധനകാര്യ വകുപ്പിന് അപേക്ഷ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ധനകാര്യ വകുപ്പ് പ്രസ്തുത തുക തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

23. നിരന്തര ഉപയോഗംമൂലം ഉപകരണങ്ങൾക്ക് ചെറിയ ഇടവേളകളിൽത്തന്നെ അറ്റകുറ്റപ്പണികൾ ആവശ്യമായി വരുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. ഉപകരണങ്ങളുടെ റിപ്പയറിംഗ് ചാർജ്ജുകൾ വളരെ കൂടുതലാണെന്നും, ഇതിനായി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവർക്ക് അനുവദിക്കാവുന്ന പരമാവധി തുക യഥാക്രമം 15000, 12000, 8000 രൂപ മാത്രമായതിനാൽ സർക്കാരിൽ നിന്നുള്ള അനുമതിയ്ക്കായി വളരെ നാൾ കാത്തിരിക്കേണ്ടുന്ന അവസ്ഥയാണെന്നും ആയത് പല പ്രവർത്തനങ്ങളെയും സാരമായി ബാധിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. **സ്ഥാപനത്തിൽ 40,00,000 രൂപ വരെ വിലയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് മേലുദ്യോഗസ്ഥർക്ക് അധികാരം നല്കിയിട്ടുണ്ടെന്നത് പരിഗണിച്ച് ഉപകരണങ്ങളുടെ റിപ്പയറിംഗ്/റീപ്ലേയ്സ്മെന്റിനത്തിൽ ഡയറക്ടർ/അഡീഷണൽ ഡയറക്ടർ/ജോയിന്റ് ഡയറക്ടർ എന്നിവർക്ക് അനുവദിക്കാവുന്ന തുക നിലവിലുള്ള നിരക്കിൽ നിന്നും ഉയർത്തി നിശ്ചയിക്കുന്ന കാര്യം ധനകാര്യ വകുപ്പ് അടിയന്തരമായി പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

24. സ്ഥാപനത്തിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിലേക്കായി സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ജീവനക്കാർ അത്യന്താപേക്ഷിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ടി സ്ഥാപനത്തിൽ കൂടുതലും ഉപയോഗിക്കുന്നത് ഉന്നത നിലവാരമുള്ള ഉപകരണങ്ങളായതിനാൽ തെരഞ്ഞെടുക്കുന്ന വ്യക്തി ഇതുപോലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്ത് പരിചയമുള്ള ആളായിരിക്കണം. എങ്കിൽ മാത്രമേ സ്ഥാപനത്തിനു പ്രയോജനമുണ്ടാകു എന്ന് സമിതി മനസ്സിലാക്കുന്നു. പരിചയസമ്പന്നരായ വിദഗ്ധരുൾപ്പെടുന്ന ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതെന്നും സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്നത് മറ്റ് സംസ്ഥാനങ്ങളിലുള്ള സ്ഥാപനങ്ങളുമായി താരതമ്യപഠനം നടത്തിയതിനുശേഷവും കാർഷിക സർവ്വകലാശാലയിലെയും വെറ്ററിനറി സർവ്വകലാശാലയിലെയും വിദഗ്ധരുടെ ഉപദേശത്തെ അടിസ്ഥാനപ്പെടുത്തിയുമാണെന്ന് സമിതി മനസ്സിലാക്കുന്നു.

25. സ്ഥാപനത്തിൽ എഞ്ചിനീയർ തസ്തിക വളരെ വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്നതായി സമിതിക്ക് ബോധ്യമായിട്ടുണ്ട്. **ഇൻഡസ്ട്രിയൽ ഉപകരണങ്ങളിൽ പരിചയസമ്പന്നരായ എഞ്ചിനീയറെ ആവശ്യമായതിനാൽ ടെക്നിക്കൽ ജീവനക്കാരുൾപ്പെടെ ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനും ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സാങ്കേതികവിദ്യ മാറുന്ന സാഹചര്യത്തിൽ നൂതന സാങ്കേതിക കോഴ്സുകൾ പൂർത്തിയാക്കിയവരെ വാക്സിൻ നിർമ്മാണത്തിനുവേണ്ടി നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പ് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

26. കേരളത്തിലെ ക്ഷീരവികസന മേഖലയ്ക്ക് മികവുറ്റ സംഭാവനകൾ നൽകാൻ സാധിക്കുന്ന അന്താരാഷ്ട്രനിലവാരമുള്ള ഒരു ഗവേഷണകേന്ദ്രമാക്കി പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആൻറ് വെറ്ററിനറി ബയോളജിക്കൽസിനെ (ഐ.എ.എച്ച്. ആന്റ് വി.ബി.) മാറ്റുന്നതിലൂടെ കേരളത്തിനാവശ്യമായ വിവിധയിനം വെറ്ററിനറി മരുന്നുകൾ, വാക്സിനുകൾ മുതലായവയെല്ലാം കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിനും അതു വഴി സ്വകാര്യ മരുന്നുകമ്പനികളുടെ ചൂഷണത്തിൽ നിന്നും ഒരു വലിയ വിഭാഗം സാധാരണക്കാരെ രക്ഷിക്കുന്നതിനും കഴിയും. അതിലൂടെ മൃഗസംരക്ഷണ വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായ പുതിയ സാങ്കേതിക വിദ്യകളെ പരീക്ഷണശാലയിൽ നിന്നും പ്രവർത്തനമേഖലയിലേയ്ക്ക് എത്തിക്കുക, ആധുനിക ശാസ്ത്രീയരീതികൾ അവലംബിച്ചുള്ള മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് കർഷകരെ സജ്ജമാക്കുക തുടങ്ങിയവ നടപ്പിലാക്കുന്നതിന് സാധിക്കുമെന്നും സമിതി കരുതുന്നു. ഇക്കാര്യത്തിൽ ഒരു പ്രധാന ചുവടുവയ്പായി ഈ റിപ്പോർട്ട് മാറുമെന്നും അതിനായി ഇതുമായി ബന്ധപ്പെട്ട വകുപ്പുകൾ ഏകോപനത്തോടെ പ്രവർത്തിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

കെ. കെ. ശൈലജ ടീച്ചർ,

തിരുവനന്തപുരം,
2022 ജൂലൈ 20.

*അദ്ധ്യക്ഷ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*